"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് - തൊടുപുഴ നിയോജക മണ്ഡലം - ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - പുതിയ സ്ഥലങ്ങൾ ഉൾപ്പെടുത്തി ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി.) വകുപ്പ്

G.O.(Rt) No.2005/2020/LSGD തീയതി,തിരുവനന്തപുരം, 23/10/2020

പരാമർശം:- 1 25.03.2017 ലെ സ. ഉ. (സാധാ) നം. 872/2017/തസ്വഭവ.

2 9/08/2018 ലെ സ. ഉ. (സാധാ) നം. 2202/2018/തസ്വഭവ.

3 14/09/2020 ലെ സ. ഉ. (സാധാ) നം. 5241/2020/ധന.

4 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 04/08/2020 ലെ ഡിബി6/1342/19/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. തൊടുപുഴ എം.എൽ.എ ശ്രീ. പി. ജെ. ജോസഫ് അവർകളുടെ 2016-17 ലെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി തൊടുപുഴ നിയോജക മണ്ഡലത്തിലെ 31 പ്രദേശങ്ങളിൽ ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പരാമർശം (1) പ്രകാരം 81 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി നിർവ്വഹണം സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിനെ (സിൽക്ക്) ഏല്പിച്ച് പരാമർശം (2) പ്രകാരം ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ നിലവിലെ ഭരണാനുമതി ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള 31 പ്രദേശങ്ങളിൽ ചില സ്ഥലങ്ങളിൽ എം.പി ഫണ്ട് /ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് നിലവിൽ ലൈറ്റ് സ്ഥാപിച്ചതിനാൽ ആ പ്രദേശങ്ങളെ ഒഴിവാക്കി പുതിയ സ്ഥലങ്ങളെ ഉൾപ്പെടുത്തിയുള്ള (പുതിയ 26 സ്ഥലങ്ങൾ - പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.) പരിഷ്കരിച്ച പട്ടികയും എസ്റ്റിമേറ്റും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ യോഗ തീരുമാനങ്ങളും അനുബന്ധരേഖകളും ഭരണാനുമതി പുതുക്കി നല്കുന്നതിനായി പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു. നിലവിലെ ഭരണാനുമതി ഉത്തരവിലെ 81 ലക്ഷം രൂപയിൽ നിന്നും അധികരിക്കാതെയാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ടി പദ്ധതിയ്ക്ക് ഭരണാനുമതി പുതുക്കി നല്കുന്നതിന് പരാമർശം (3) പ്രകാരം ധനകാര്യ വകുപ്പ്

പ്രത്യേകാനുമതി നല്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പരാമർശം (1), (2) എന്നിവ പ്രകാരം സ്റ്റീൽ ഇൻഡസ്ട്രീസ് കേരള (സിൽക്ക്) മുഖാന്തിരം തൊടുപുഴ നിയോജക മണ്ഡലത്തിലെ 31 പ്രദേശങ്ങളിൽ ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ നല്കിയ ഭരണാനുമതി, ടി ഉത്തരവു കളിലെ ചില പ്രദേശങ്ങളെ ഒഴിവാക്കി പുതുതായി നിർദ്ദേശിച്ചിട്ടുള്ള 26 സ്ഥലങ്ങൾ ഉൾപ്പെടുത്തി (പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു) പുതുക്കി നല്കി ഉത്തരവാകുന്നു.

പരാമർശം (1),(2) എന്നിവയിലെ സർക്കാരുത്തരവുകൾ മേൽ പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
U V JOSE IAS
ADDITIONAL SECRETARY

പകർപ്പ്

ശ്രീ. പി. ജെ. ജോസഫ് എം. എൽ. എ. (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ഓഡിറ്റ്) കേരളം തിരുവനന്തപുരം

പ്രൊജക്റ്റ് മാനേജർ, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), അത്താണി പി. ഒ., തൃശ്ശൂർ.

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, എ്െ.കെ.എം, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ